**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** — **11-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കളിവീട് അംഗനവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ കളിവീട് അംഗനവാടിയുടെ കെട്ടിട നിർമ്മാണത്തിനായി ജലവിഭവ വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിനായി സ്ഥലം എം.എൽ.എ. നൽകിയ കത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | നാദാപുരം മണ്ഡലത്തിലെ കുന്നുമ്മൽ ഐസിഡിഎസ് പ്രോജക്ടിന് കീഴിലുള്ള മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ 126 നമ്പർ കളിവീട് എന്ന അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിനായി ജല വിഭവ വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിനായി കുന്നുമ്മൽ ശിശു വികസന പദ്ധതി ഓഫീസർ മരുതോങ്കര വില്ലേജിലെ റീ സർവ്വേ 135ൽപ്പെട്ട 4.05 ആർസ് സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും തയ്യാറാക്കി അപേക്ഷ സഹിതം കോഴിക്കോട് ജില്ലാ പ്രോഗ്രാം ഓഫീസിൽ 25.09.2020ന് നൽകിയിട്ടുണ്ട്. പ്രോഗ്രാം ഓഫീസിൽനിന്നും 28.09.2020ന് ബി-559 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 28.10.2020ന് DCKKD/8270/2020/L1 നമ്പർ കത്ത് പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് എതിർപ്പില്ലെന്ന് കാണിക്കുന്ന നിരാക്ഷേപപത്രം ലഭിക്കുന്നതിനായി എക്സി. എഞ്ചിനീയർ കുറ്റ്യാടി ഇറിഗേഷൻ സബ്ബ് ഡിവിഷനിലേക്ക് കളക്ടറേറ്റിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ